# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂൺ 29**

---

### സംരംഭകത്വ വികസനത്തിന് എം.ജി- ജിഎഡിവിഎഎസ്‌യു ധാരണ

പാലിന്റെ മൂല്യവർധിത ഉത്പന്നങ്ങളിൽ അധിഷ്ഠിതമായ സംരംഭകത്വ വികസനത്തിന് മഹാത്മാ ഗാന്ധി സർകവലാശാലയും പഞ്ചാബിലെ ഗുരു അംഗദ് ദേവ് വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവകലാശാലയും(ജിഎഡിവിഎഎസ്‌യു) തമ്മിൽ ധാരണയായി.

ലുധിയാനയിലെ സർവകലാശാലാ ആസ്ഥാനത്ത് എൻറർപ്രണർഷിപ്പ് ഗ്രാന്റ് ചലഞ്ചിന്റെ ഭാഗമായി നടന്ന സെമിനാറിനോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ ജിഎഡിവിഎസ് യു ഗവേഷണ വിഭാഗം അഡീഷണൽ ഡയറക്ടർ ഡോ. ആർ.എസ് സേത്തിക്ക് ധാരണാപത്രം കൈമാറി.

ജിഎഡിവിഎസ്‌യു വൈസ് ചാൻസലർ ഡോ. ഇന്ദർജീത്ത് സിംഗ്, പഞ്ചാബ് കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. സത്ബീർ സിംഗ് ഗോസൽ, പഞ്ചാബ് സ്റ്റാർട്ടപ്പ് മിഷൻ പ്രതിനിധികൾ, ബിഐഐസി പ്രതിനിധികളായ ഡോ. ചന്ദന, എബിൻ ജോൺ വർഗീസ് എന്നിവർ പങ്കെടുത്തു.

എംജി സർവകലാശാലയുടെ സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായാണ് ധാരണാ പത്രം ഒപ്പുവച്ചതെന്ന് ഡോ. രാധാകൃഷ്ണൻ പറഞ്ഞു.
(പി.ആർ.ഒ/39/529/2024)

### സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റഷൻ നടത്തുന്ന എം.എ കൗൺസലിംഗ് പ്രോഗ്രമിൽ എസ്.സി വി ഭാഗത്തിൽ ഒഴിവുള്ള രണ്ട് സീറ്റുകളിൽ ജൂലൈ ഒന്നിന് സ്പോട്ട് അഡ്മിഷന് നടത്തും. അംഗീകൃത സർവകലാശാലാ ബിരുദമാണ് അടിസ്ഥാന യോഗ്യത. താത്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുമായി അന്ന് രാവിലെ 11ന് വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ-8301000560 / 04812733399.
(പി.ആർ.ഒ/39/530/2024)

### പരീക്ഷാ ഫലം

അഞ്ച് ആറ് സെമസ്റ്ററുകൾ ബിഎ സിബിസിഎസ്എസ് (2015, 2016 അഡ്മിഷനുകൾ സപ്ലി മെന്ററി, 2012 മുതൽ 2014 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്- പ്രൈവറ്റ് രജിസ്ട്രേഷൻ സെപ്റ്റംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 12 വരെ സമർപ്പിക്കാം

......

ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ അപ്ലൈഡ് ഇലക്ട്രോണിക്സ് പി.ജി.സി.എസ്.എസ് (റെഗുലർ,സപ്ലിമെൻററി ഡിസംബർ 2023 ) പരിക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

......

ഒന്നാം സെമസ്റ്റർ എം.എ ജേർണലിസം ആന്റ് മാസ് കമ്യൂണിക്കേഷൻ പി.ജി.സി.എസ്.എസ് (റെഗുലർ ആൻഡ് സപ്ലിമെൻററി) പരിക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജൂലൈ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/531/2024)

## പരീക്ഷാ തീയതി

ഒന്നാം വർഷം ബിഎസ്‌സി എംആർടി (2008 മുതൽ 2015 വരെ അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ് മെയ് 2024 ) പരീക്ഷയുടെ പ്രാക്ടിക്കൽ ,ആന്റ് വൈവെ വോസി പരീക്ഷകൾ ജൂലൈ് അഞ്ചിന് നടക്കും. വിശദ വിവരങ്ങൾ വെബസൈറ്റിൽ

......

നാലാം സെമസ്റ്റർ എം എ സംസ്കൃതം സ്പെഷ്യൻ സി.എ.സ്.സ് (2022 അഡ്മിഷൻ റെഗുലർ 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻററി ഏപ്രിൽ 2024) പരീക്ഷയുടെ പ്രൊജക്റ്റ് വൈവ വോസി പരീക്ഷകൾ ജൂലൈ് 11 മുതൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ. വിശദവിവരങ്ങൾ വെബസൈറ്റിൽ

......

മൂന്നാം സെമസ്റ്റർ ബി.വോക്ക് വിഷ്വൽ മീഡിയ ആൻഡ ഫിലം മേക്കിംഗ് (പുതിയ സ്കീം 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, റീ അപ്പിയറൻസ് ) പരീക്ഷകൾ ജൂലൈ് 12ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.....

രണ്ടാം സെമസ്റ്റർ ബി.വോക്ക് വിഷ്വൽ മീഡിയ ആന്റ് ഫിലം മേക്കിംഗിന്റെ (ന്യൂ സ്കീം 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, റീ അപ്പിയറൻസ് ) റൈറ്റിംഗ് ആന്റ് പ്രസന്റേഷൻ സ്കിൽ ഇൻ ഇംഗ്ലീഷ് എന്ന പരീക്ഷ ജൂലൈ 10ന് നടക്കും.

(പി.ആർ.ഒ/39/532/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**